Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായത്തിനു പകരം അടിയന്തര ആശ്വാസം എന്ന നിലയിൽ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ - എ) വകുപ്പ്**

സ.ഉ.(അ.)നം.126/2022/ധന. തിരുവനന്തപുരം, തീയതി, 11-10-2022.

---

പരാമർശം :- 1. സ.ഉ.(അ.) നം. 20/2013/ധന. തീയതി 07.01.2013
2. സ.ഉ.(അ.) നം.126/2016/ധന. തീയതി 31.08.2016
3. സ.ഉ.(അ.) നം. 141/2017/ധന. തീയതി 08.11.2017
4 സ.ഉ.(അ.) നം. 97/2018/ധന. തീയതി 23.06.2018
5. സ.ഉ.(അ.) നം. 41/2019/ധന. തീയതി 31.03.2019
6. സ.ഉ.(അ.) നം. 86/2021/ധന. തീയതി 23.06.2021

**<u>ഉത്തരവ്</u>**

01.04.2013 -ന ശേഷം സംസ്ഥാനത്ത് സർക്കാരിലോ സർക്കാരിന് കീഴിൽ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതി ബാധകമായിരുന്ന എയ്ഡഡ് സ്ഥാപനങ്ങളിലോ ബോർഡ്/കോർപ്പറേഷൻ മറ്റ് സ്വയംഭരണ സ്ഥാപനങ്ങളിലോ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് കെ.എസ്. ആർ. ഭാഗം III പെൻഷൻ പദ്ധതിയ്ക്ക് പകരം ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത വിഭാഗം ജീവനക്കാർക്ക് കെ.എസ്. ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായി സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് കെ.എസ്. ആർ. ഭാഗം III പ്രകാരമുള്ള കുടുംബ പെൻഷനും അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നത് വരെ ആശ്വാസ ധനസഹായം അനുവദിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായിരിക്കുന്ന ജീവനക്കാർ റഗുലറൈസ് ചെയ്യുന്നതിന് വർഷങ്ങൾ ആവശ്യമായി വരുന്നതിനാലും ചില ജീവനക്കാർ റഗുലറൈസ് ചെയ്യുന്നതിന് മുൻപായി, സൂപ്പർന്യൂമററി തസ്തികയിൽ ഇരുന്ന് തന്നെ, ഒരു തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാതെ വിരമിക്കുന്ന സാഹചര്യം

ഒഴിവാക്കുന്നതിനുമായി, സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർക്ക് അവരുടെ നിയമന തീയതി മുതൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അനുമതി നല്കിക്കൊണ്ട് സർക്കാർ പരാമർശം (6) ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ റഗുലറൈസ് ചെയ്തതിന് ശേഷമാണ്, സർവ്വീസിലിരിക്കെ മരണപ്പെടുന്നതെങ്കിൽ മാത്രമേ അവരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് അർഹത കൈവരുന്നുള്ളൂ അതിനാൽ തന്നെ സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ, ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചു വരുന്നുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി, സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായത്തിന് പകരം അടിയന്തര ആശ്വാസം എന്ന നിലയിൽ ഒറ്റത്തവണയായി മൂന്ന് ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ആനുകൂല്യം താഴെ പറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാക്രമത്തിൽ അനുവദിക്കാവുന്നതാണ്.

a) ഭാര്യ / ഭർത്താവിന്

b) മകൻ / മകൾക്ക് (നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ)

c) മരണമടയുന്ന ജീവനക്കാരൻ, അവിവാഹിതൻ/അവിവാഹിത ആണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് (കെ.എസ്. ആർ. ഭാഗം III ചട്ടം 90 (6A) ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് സമാനമായി)

4) അടിയന്തര ആശ്വാസം ലഭിക്കുന്നതിന് വേണ്ടി അപേക്ഷകർ താഴെ പറയുന്ന രേഖകൾ സഹിതം ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് സേവനമനുഷ്ഠിച്ച ഓഫീസിലെ മേധാവിക്ക് നൽകേണ്ടതും ഓഫീസ് മേധാവി അപേക്ഷ പരിശോധിച്ചതിന് ശേഷം ശുപാർശ സഹിതം ഉചിത മാർഗ്ഗേന അപേക്ഷയും അനുബന്ധ രേഖകളും ധനകാര്യ (എൻ. പി. എസ്-സെൽ) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

a) അനുബന്ധം I പ്രകാരമുള്ള അപേക്ഷ ഫോറം (അപേക്ഷാ തീയതി കൃത്യമായി രേഖപ്പെടുത്തിയത്).

b) അടിയന്തര ആശ്വാസത്തിന് അപേക്ഷ സമർപ്പിക്കുന്നത് ജീവനക്കാരന്റെ/ ജീവനക്കാരിയുടെ, ഭാര്യ / ഭർത്താവ് ആണെങ്കിൽ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം (അനുബന്ധം II ൽ തയ്യാറാക്കിയത്) സ്വയം സാക്ഷ്യപ്പെടുത്തിയത്.

c) മരണമടയുന്ന ജീവനക്കാരൻ / ജീവനക്കാരി, അവിവാഹിതൻ / അവിവാഹിത ആണെങ്കിൽ അടിയന്തര ആശ്വാസം മാതാപിതാക്കൾക്ക് അനുവദിച്ച് നൽകുന്നതിനായി മാതാവിന്റെയും പിതാവിന്റെയും സംയുക്ത അപേക്ഷ. സംയുക്ത അപേക്ഷ ലഭ്യമാകുന്ന പക്ഷം അടിയന്തര ആശ്വാസമായുള്ള ധനസഹായം മാതാപിതാക്കൾക്ക് തുല്യമായി ഭാഗിച്ച് നൽകേണ്ടതാണ്.

d) നിയമാനുസൃതമായ അവകാശ സർട്ടിഫിക്കറ്റ്.

e) മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

f) അടിയന്തര ആശ്വാസം സ്വീകരിക്കുന്ന വ്യക്തി മൈനറാണെങ്കിൽ റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ്.

5) അടിയന്തര ആശ്വാസത്തിനായുള്ള അപേക്ഷകൾ ധനകാര്യ (എൻ. പി. എസ്- സെൽ) വകുപ്പ് പരിശോധിച്ച് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് ധനകാര്യ (എൻ. പി. എസ് - സെൽ) വകുപ്പ് ട്രഷറിക്കും അപേക്ഷകനും ബന്ധപ്പെട്ട സ്ഥാപന മേധാവി/ ഡി. ഡി.ഒ. യ്ക്കും നൽകേണ്ടതാണ്. ധനകാര്യ (എൻ. പി. എസ് - സെൽ) വകുപ്പിൽ നിന്നും ഉത്തരവ് ലഭിക്കുന്നതനുസരിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർ "2071 -01- 117-90(NP-V) Compassionate Assistance to the dependents of employee who died while in service and who enrolled under National Pension System" എന്ന ശീർഷകത്തിൽ നിന്നും ആശ്രിതരുടെ ബാങ്ക് അക്കൗണ്ട് / ട്രഷറി അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ഷിബു എ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി എസ് - സെൽ) വകുപ്പ്.
6. നോഡൽ ഓഫീസർ , www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (E No 1378169 )

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം I

## അടിയന്തര ആശ്വാസ ധനസഹായം - അപേക്ഷ ഫോറം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി, സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് അടിയന്തിര ആശ്വാസം അനുവദിക്കുന്നതിനുള്ള അപേക്ഷ ഫോറം

മരണപ്പെട്ട ജീവനക്കാരന്റെ/ ജീവനക്കാരിയുടെ ........................(പേര്)....................................

(തസ്തിക)................................ (ഓഫീസ്) ......................(PEN നമ്പർ)

| |
|---|
| അപേക്ഷകന്റെ ഫോട്ടോ ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത് |

| | | | |
|---|---|---|---|
| അപേക്ഷകന്റെ/അപേക്ഷകയുടെ പേര് | | | |
| ജീവനക്കാരനുമായുള്ള ബന്ധം | | | |
| ജീവനക്കാരൻ മരണപ്പെട്ട ദിവസം | | | |
| മരണപ്പെട്ട ജീവനക്കാരന്റെ നിയമപരമായ അവകാശികളുടെ പേരും വിലാസവും | പേര്/വിലാസം | ജനനതീയതി | വയസ്സ് |
| 1) ഭാര്യ/ഭർത്താവ്<br><br>2) മകൻ/മകൾ | | | |

| | | | |
|---|---|---|---|
| 3) മാതാവ്<br><br>4) പിതാവ് | | | |

ജില്ലാ /സബ്ട്രഷറിയുടെ പേര് :

ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ, IFSC code :

ആധാർ നമ്പർ :

ഫോൺ നമ്പർ :

ഇ മെയിൽ ID :

അപേക്ഷകൻ/അപേക്ഷകയുടെ പൂർണ്ണമായ മേൽവിലാസം :

ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്.......................................................................

സാക്ഷികൾ 1).................................................................................................

2)..............................................................................................

## അനുബന്ധം II

## സത്യപ്രസ്താവന

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായി, സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ......................ന്റെ ..................... (PRAN No.) വിധവ/വിഭാര്യൻ ആയ ഞാൻ നാളിതുവരെ പുനർവിവാഹം കഴിച്ചിട്ടില്ല എന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

തീയതി : ഒപ്പ് :

സ്ഥലം : പേര് :